## 723

ആരുമില്ല നീയൊഴികെ ചാരുവാനൊരാൾ പാരിലെൻ പ്രിയാ

നീറി നീറി ഖേദങ്ങൾ മൂലം എരിയുന്ന മാനസം
നിന്തിരുമാറിൽ ചാരുമ്പോഴല്ലാതാശ്വസിക്കുമോ ആശ്വസിക്കുമോ?

1 എളിയവർ നിൻമക്കൾക്കീ ലോകമേതും
അനുകൂലമല്ലല്ലോ നാഥാ!
വലിയവനാം നീയനുകൂലമാണെൻ ബലവും മഹിമയും നീ താൻ-

2 പ്രിയരെന്നു കരുതുന്ന സഹജരെന്നാലും
പ്രിയലേശമില്ലാതെയാകും
പ്രിയനെ നിൻസ്നേഹം കുറയാതെ എന്നിൽ നിയതം തുടരുന്നു മന്നിൽ

3 ഗിരികളിൽ കൺകളുയർത്തി ഞാനോതും
എവിടെയാണെന്റെ സഹായം ?
വരുമെൻ സഹായമുലകമാകാശമിവയുളവാക്കിയ നിന്നാൽ-

4 മരുവിൽ തൻപ്രിയനോടു ചാരിവരും സഭയാം
തരുണീമണി ഭാഗ്യവതി തന്നെ
മരുഭൂമിവാസം തരുമൊരു ക്ലേശം അറിയുന്നേയില്ലവൾ ലേശം-
**T.K.S.**